പത്രക്കുറിപ്പ്                                    16.06.2022

## വ്യാപാറിലെ ആകർഷണമായി സെൽഫി റോബോട്ട്

കൊച്ചി: സംസ്ഥാന വ്യവസായ-വാണിജ്യ വകുപ്പിൻറെ വ്യാപാർ ഉദ്ഘാടനത്തിനെത്തിയ മന്ത്രി രാജീവിനെ കാത്ത് ജവഹർലാൽ നെഹ്റു രാജ്യാന്തര സ്റ്റേഡിയം ഗ്രൗണ്ടിലെ എക്സിബിഷൻ പ്രവേശന കവാടത്തിൽ ഒരു അതിഥി ഉണ്ടായിരുന്നു. ഒരു റോബോട്ട്.

'നമുക്ക് ഒരു സെൽഫി എടുക്കാം' എന്നു പറഞ്ഞാണ് റോബോട്ട് മന്ത്രിയെ സ്വാഗതം ചെയ്തത്. ക്ലിക്കിന് 30 സെക്കൻഡിനുള്ളിൽ അതിൻറെ പ്രിൻറ് നീട്ടിയപ്പോൾ മന്ത്രിയും ഒപ്പമുള്ളവരും വിസ്മയം കൂറി. 'ഇത്ര പെട്ടെന്ന്, അതും ഇത്രയും വ്യക്തതയുള്ള പ്രിൻറ്' മന്ത്രി അത്ഭുതം മറച്ചുവച്ചില്ല. യന്ത്രമനുഷ്യനൊപ്പമുള്ള സെൽഫി പ്രിൻറുമായി മന്ത്രി പ്രദർശനത്തിലെ മറ്റു സ്റ്റാളുകളിലേക്ക് നടന്നു. മന്ത്രിക്കൊപ്പം റോബോട്ട് സെൽഫിയെടുക്കുന്നത് കൗതുകത്തോടെ കണ്ടുനിന്ന വ്യാപാറിലെ മറ്റു പ്രതിനിധികളും സെൽഫിക്കായി തിരക്കുകൂട്ടി.

ബെംഗളൂരു ആസ്ഥാനമായുള്ള റോബോട്ട് എൻറർടെയ്ൻമെൻറ് ഇന്ത്യയാണ് നാലടി ഉയരമുള്ള ഈ റോബോട്ടിനെ വികസിപ്പിച്ചത്. പാലിയെൻറോളജിക്കൽ ഗവേഷണവും നൂതന റോബോട്ടിക് സാങ്കേതികവിദ്യയും മികച്ച കലാവിദ്യകളും സമന്വയിപ്പിക്കുന്നവയാണ് തങ്ങളുടെ റോബോട്ടുകളെന്ന് രണ്ട് പതിറ്റാണ്ട് പഴക്കമുള്ള കമ്പനിയുടെ സ്ഥാപക സിഇഒ കിഷോർകുമാർ പറഞ്ഞു. മ്യൂസിയങ്ങൾ, സയൻസ് സെൻററുകൾ, അമ്യൂസ്മെൻറ് പാർക്കുകൾ, എഫ്ഇസികൾ, മൃഗശാലകൾ, റിസോർട്ടുകൾ, ക്രൂയിസ് ലൈനുകൾ, സ്കൂളുകൾ, റെസ്റ്റോറൻറുകൾ, റീട്ടെയിൽ ഔട്ട്ലെറ്റുകൾ എന്നിവയാണ് സാധാരണ ക്ലയൻറുകൾ. പല മേളകളിലെയും ആകർഷണമാകാൻ റോബോട്ട് എൻറർടെയ്ൻമെൻറ് ഇന്ത്യയിലെ റോബോട്ടുകളെ ക്ഷണിക്കാറുണ്ടെന്നും അദ്ദേഹം പറഞ്ഞു.

റോബോട്ടിൽ ഘടിപ്പിച്ചിട്ടുള്ള പ്രിൻറർ വഴിയാണ് ചിത്രങ്ങൾ പെട്ടെന്ന് ലഭിക്കുന്നത്. എക്സിബിഷൻ ഹാളിൻറെ പ്രവേശന കവാടത്തിലുള്ള റോബോട്ട് വ്യാപാറിൻറെ ആദ്യദിവസത്തെ പ്രധാന

ആകർഷണങ്ങളിലൊന്നായി മാറി. ഉദ്ഘാടന ദിനത്തിലെ ആദ്യത്തെ 100 സെൽഫികൾ സൗജന്യമായാണ് നൽകിയത്. പിന്നീട് പ്രിൻറിന് 20 രൂപ ഈടാക്കി. നാളെ (ശനിയാഴ്ച) ഉച്ചയ്ക്ക് രണ്ട് മണി മുതൽ പൊതുജനങ്ങൾക്ക് എക്സിബിഷനിൽ പ്രവേശനം അനുവദിച്ചിട്ടുണ്ട്.